# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 17 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**43 കോട്പകേസുകള് രജിസ്റ്റര് ചെയ്തു; 8600 രൂപ പിഴ ചുമത്തി**

ശബരിമല സന്നിധാനത്ത് ഇതുവരെ 43 കോട്പകേസുകള് രജിസ്റ്റര് ചെയ്തതായി എക്സൈസ് വകുപ്പ് അറിയിച്ചു. സന്നിധാനം, മരക്കൂട്ടം, ഉരക്കുഴി, പാണ്ടിത്താവളം മേഖലയില് സിഗററ്റിന്റെയും മറ്റ് പുകയില ഉത്പന്നങ്ങളുടെയും ഉപയോഗത്തിനെതിരെയുള്ള കോട്പനിയമം കർശനമായി നടപ്പാക്കും.
പൊതുസ്ഥലങ്ങളിലെ പുകവലിക്ക് കോട്പആക്ട് പ്രകാരം ഇതുവരെ 43 കേസുകളിലായി 8600 രൂപ പിഴ ചുമത്തിയതായി സന്നിധാനം എക്സൈസ് സർക്കിള് ഇൻസ്പെക്ടർ ടി.വി. ദിവാകരന് പറഞ്ഞു. അരക്കിലോ പുകയില ഉത്പന്നങ്ങളും പിടിച്ചെടുത്തു. ഇവ സന്നിധാനം മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കി നീക്കം ചെയ്തു. എക്സൈസ് വകുപ്പിന്റെ ഒരു സർക്കിള് ഇൻസ്പെക്ടർ, മൂന്ന് എക്സൈസ് ഇൻസ്പെക്ടർമാർ, മൂന്ന് പ്രിവന്റീവ് ഓഫീസർമാർ, എട്ട് സിവില് സ്റ്റാഫുകള് എന്നിവരാണ് സന്നിധാനത്ത് സേവനമനുഷ്ഠിക്കുന്നത്.

(പി.ആര്‍. ശബരി-(111)

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 17 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### തീർഥാടന കാലത്തെ ശുചീകരണം: വിശുദ്ധി സേനയുടേത് മാതൃകാ പ്രവർത്തനം

തീർഥാടന കാലത്ത് ശബരിമല ശുചീകരിക്കുന്നതിനും മാലിന്യങ്ങള് സംസ്കരിക്കുന്നതിനും കർമ്മോത്സുകരായി വിശുദ്ധി സേന. തമിഴ്നാട്ടില് നിന്നുള്ള 100 തൊഴിലാളികളാണ് ശബരിമല ശുചീകരണത്തിനായുള്ള വിശുദ്ധി സേനയിലുള്ളത്. കോവിഡിന്റെ പശ്ചാത്തലത്തില് തീർഥാടകരുടെ എണ്ണം കുറച്ചതിനാല് വിശുദ്ധി സേനാംഗങ്ങളുടെ എണ്ണവും ഈ വർഷം പരിമിതപ്പെടുത്തിയിരുന്നു. മരക്കൂട്ടം മുതല് നടപ്പന്തല് വരെയും സന്നിധാനത്തും പരിസരങ്ങളിലുമായാണ് വിശുദ്ധി സേനയുടെ പ്രവർത്തനങ്ങള്. ഇതിനായി സേനാംഗങ്ങളെ 20 പേരടങ്ങുന്ന അഞ്ച് ഗ്രൂപ്പുകളായി തിരിച്ചിട്ടുണ്ട്. ഇവരുടെ നേതൃത്വത്തിലാണ് പരിസര ശുചീകരണം, മാലിന്യം ശേഖരിച്ച് സംസ്കരിക്കല് എന്നിവ നടത്തുന്നത്. കാനന പാതയിലേത് ഉൾപ്പെടെ വിവിധ സ്ഥലങ്ങളില് നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങള് ട്രാക്ടർ ഉപയോഗിച്ച് സന്നിധാനത്ത് പ്രത്യേകം സജ്ജമാക്കിയ മാലിന്യ സംസ്കരണ കേന്ദ്രത്തിലെത്തിക്കും. തുടർന്ന് ഇൻസിനറേറ്റർ ഉപയോഗിച്ച് സംസ്കരിക്കും. ഇത് കൂടാതെ കോവിഡിന്റെ പശ്ചാത്തലത്തില് നടപ്പന്തല്, ശ്രീകോവിലിന് സമീപത്തും അരവണ കൗണ്ടറിന് സമീപത്തും ഉൾപ്പെടെ ഭക്തർ എത്തുന്ന എല്ലാ

സ്ഥലങ്ങളിലേയും കൈവരികള് ഓരോ രണ്ട് മണിക്കൂര് ഇടവിട്ട് അണുവിമുക്തമാക്കുന്നതും വിശുദ്ധി സേനാംഗങ്ങളാണ്. ഇതിനായുള്ള ഉപകരണങ്ങളും മറ്റും സന്നിധാനത്തെ ദേവസ്വം മരാമത്ത് വിഭാഗമാണ് നൽകുന്നത്. ഇതിന് പുറമേ ആരോഗ്യ വകുപ്പിന്റെയും ഫയർഫോഴ്സിന്റെയും ശുചീകരണ ജോലികളിലും വിശുദ്ധി സേനാംഗങ്ങള് പങ്കാളികളാകുന്നുണ്ട്.    പത്തനംതിട്ട ജില്ലാ കളക്ടര് പി.ബി. നൂഹിനു കീഴിലുള്ള ശബരിമല സാനിറ്റൈസേഷന് സൊസൈറ്റിക്കാണ് (എസ്എസ്എസ്) സന്നിധാനത്തെ വിശുദ്ധി സേനയുടെ നിയന്ത്രണം. ശബരിമല എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നേതൃത്വത്തിലുള്ള പ്രത്യേക ഉദ്യോഗസ്ഥ സംഘത്തിനാണ് വിശുദ്ധി സേനയുടെ മേൽനോട്ട ചുമതല. വിശുദ്ധി സേനാംഗങ്ങൾക്ക് സന്നിധാനത്ത് ഭക്ഷണവും താമസ സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഇതോടൊപ്പം അയ്യപ്പ സേവാ സംഘത്തിന്റെ നേതൃത്വത്തിലും സന്നിധാനത്ത് ശുചീകരണ പ്രവർത്തനങ്ങള് നടക്കുന്നുണ്ട്.

**(പി.ആര്. ശബരി-(112)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 17 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### ശബരിമലയിലെ നാളെത്തെ ചടങ്ങുകള് (18.12.2020)

.........
പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തല്
5 ന്.... നട തുറക്കല്
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതല് 11 മണി വരെ നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
8 മണി മുതല് 9 മണി വരെ ഉദയാസ്തമന പൂജ
11.30 ന് .....25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കല്
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവില് നട അടയ്ക്കും.

(പി.ആര്‍. ശബരി-(112)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

| | | |
|---|---|---|
| ഡിസംബർ<br>DECEMBER | 17 | 2020 |



**ശബരിമല പത്രക്കുറിപ്പ് 4**

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

## ദർശനത്തിന് 5000 പേർക്ക് അനുമതി നൽകിയാല് ആവശ്യമായനടപടികള് സ്വീകരിക്കും - ശബരിമല ഉന്നതാധികാര സമിതി

ശബരിമല ദർശനത്തിന് 5000 പേർക്ക് അനുമതി നൽകണമെന്ന ഹൈക്കോടതി ഉത്തരവ് ഉണ്ടായാല് അതിന് ആവശ്യമായ നടപടികള് കൈക്കൊള്ളുന്നതിന് ശബരിമല ഉന്നതാധികാര സമിതി യോഗത്തില് തീരുമാനമായി. ഇതിനായി പോലീസും ആരോഗ്യ വകുപ്പും ഉൾപ്പെടെ എല്ലാ വിഭാഗം ജീവനക്കാരുടെയും എണ്ണം വര്ധിപ്പിക്കുമെന്ന് ശബരിമല എഡിഎം ഡോ. അരുണ് വിജയ്, സന്നിധാനം പോലീസ് സ്പെഷല് ഓഫീസര് എ.എസ്.രാജു എന്നിവര് പറഞ്ഞു. ശബരിമലയില് കോവിഡ് ജാഗ്രത - പ്രതിരോധ നടപടികള് കർശനമാക്കുന്നതിനും സന്നിധാനത്ത് ചേർന്ന ഉന്നതാധികാര സമിതി യോഗത്തില് തീരുമാനമായി. ഇതിന്റെ ഭാഗമായി സന്നിധാനത്ത് സേവനത്തിലുള്ള എല്ലാ ജീവനക്കാരിലും കോവിഡ് പരിശോധന നിർബന്ധമാക്കും. ഭക്തരുമായി നേരിട്ട് ഇടപഴകുന്ന വിവിധ വകുപ്പുകളിലെ ജീവനക്കാര് തമ്മില് അടുത്ത് ഇടപഴകുന്നത് ഒഴിവാക്കും. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തില് ആഴ്ചയിലൊരിക്കല് സന്നിധാനത്ത് കോവിഡ് ടെസ്റ്റ് നടത്തുന്നതിനും യോഗത്തില് തീരുമാനമായി. ഇതിനായി അടിസ്ഥാന നടപടികള് സ്വീകരിക്കാന് ദേവസ്വം ബോർഡിനെ ഉന്നതാധികാര സമിതി

ചുമതലപ്പെടുത്തി.       ഏതാനും ദിവസം മുമ്പ് സന്നിധാനത്ത് നടത്തിയ കോവിഡ് രോഗ നിര്ണയ ക്യാമ്പില് ജീവനക്കാരില് ചിലര് രോഗബാധിതരാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം. പോസിറ്റീവായി കണ്ടെത്തിയവരുമായി സമ്പർക്കം പുലർത്തിയ ജീവനക്കാരെ പൂർണമായും സന്നിധാനത്ത് നിന്നും നീക്കും. ഇതോടൊപ്പം ആരോഗ്യവകുപ്പ് നൽകുന്ന നിർദേശങ്ങള് കർശനമായി പാലിക്കണമെന്ന് അതത് വകുപ്പുകളിലെ നോഡല് ഓഫീസർമാരും ദേവസ്വം അധികൃതരും ജീവനക്കാർക്ക് നിർദേശം നൽകും. പ്രത്യേക പൂജ ബുക്ക് ചെയ്യുന്നവരില് നിന്നും സന്നിധാനത്തേക്ക് എത്തുന്ന ആളുകളുടെ എണ്ണം പരിമിതപ്പെടുത്തും. ഇതിനായി നിലയ്ക്കലില് നിന്ന് തന്നെ പരിശോധന കർശനമാക്കും.       ഭക്തരില് നിന്നും നെയ്യ് ശേഖരിക്കുന്നതിനായി സന്നിധാനത്ത് വടക്കേമുറ്റത്ത് പ്രത്യേക കൗണ്ടര് തുറക്കും. സന്നിധാനത്തിനും മാളികപ്പുറത്തിനും ഇടയിലെ ഫ്ലൈ ഓവറില് ഭക്തര് തങ്ങുന്നത് ഒഴിവാക്കാനാണിത്. ശബരിമലയില് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കും. ഇതിനായി സാമ്പിള് എടുത്തുള്ള പരിശോധന കർശനമാക്കും.

ഉന്നതാധികാര സമിതി യോഗത്തില് എക്സിക്യുട്ടീവ് മജിസ്ട്രേറ്റ് സുരേഷ്, ഡ്യൂട്ടി മജിസ്ട്രേറ്റ് മനോജ്, അസി. എക്സിക്യൂട്ടീവ് ഓഫീസര് ഗോപകുമാര്, ദേവസ്വം ഉദ്യോഗസ്ഥര്, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥര് എന്നിവര് പങ്കെടുത്തു.

**(പി.ആര്. ശബരി-(114)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.